കേരള സർക്കാർ

സംഗ്രഹം

വനസംരക്ഷണം - പത്തനംതിട്ട ജില്ലയിൽ ഫോറസ്റ്റു സ്റ്റേഷനുകൾ രൂപീകരിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ഇ)വകുപ്പ്

സ.ഉ.(കൈയെഴുത്ത്) 3/90/വനം തിരുവനന്തപുരം, തീയതി; 18.01.1990

---

പരാമർശം; 1) 7.5.1988 -ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നംപർ.42/88/വനം നംപർ സർക്കാർ ഉത്തരവ്

2) മുഖ്യവനപാലകന്റെ 23.12.88-ലെ സി3.38532/88 നംപർ കത്ത്.

3 മുഖ്യവനപാലകന്റെ 29.5.89 -ലെ സി3.38532/88 നംപർ കത്ത്.

## ഉത്തരവ്

വനസംരക്ഷണം കൂടുതൽ അർത്ഥവത്തും ഫലപ്രദവുമാക്കുന്നതിന് നിലവിലുള്ള ഫോറസ്റ്റ് സെക്ഷനുകളും ബീറ്റുകളും പുന;സംഘടിപ്പിച്ച് ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കാനുള്ള നടപടി സർക്കാർ ഘട്ടംഘട്ടമായി നടപ്പാക്കി വരികയാണ്. ഇതനുസരിച്ച് പരാമർശം ഒന്നിലെ ഉത്തരവനുസരിച്ച് മലപ്പുറം ജില്ലയിലെ സെക്ഷനുകളും ബീറ്റുകളും പുന:സംഘടിപ്പിക്കുകയുണ്ടായി.

2. ഈ പുന:സംഘടനയുടെ അടുത്ത ഘട്ടമായി പത്തനംതിട്ട ജില്ലയിലെ കോന്നി, റാന്നി എന്നീ ഫോറസ്റ്റ് ഡിവിഷനുകളിലെ സെക്ഷനുകൾ ഫോറസ്റ്റ് സ്റ്റേഷനുകളായി പുന:സംഘടിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ പരാമർശം രണ്ടിലെയും മൂന്നിലെയും കത്തുകൾ പ്രകാരം മുഖ്യവനപാലകൻ സർക്കാരിന് സമർപ്പിച്ചിരുന്നു. മുഖ്യവനപാലകന്റെ നിർദ്ദേശങ്ങൾ വിശദമായി പരിശോധിച്ചശേഷം, പത്തനംതിട്ട ജില്ലയിലെ കോന്നി, റാന്നി എന്നീ ഫോറസ്റ്റ് ഡിവിഷനുകളിലെ സെക്ഷനുകൾ ഫോറസ്റ്റ് സ്റ്റേഷനുകളായി പുന:സംഘടിപ്പിച്ചുകൊണ്ട് താഴെപ്പറയും പ്രകാരം സർക്കാർ ഉത്തരവു പുറപ്പെടുവിക്കുന്നു;-

1. **കോന്നി ഫോറസ്റ്റ് ഡിവിഷൻ**

(1) ഈ ഡിവിഷനിലെ കോന്നി, നടുവത്തുമൂഴി, മണ്ണാറപ്പാറ എന്നീ മൂന്നു റെയിഞ്ചുകളിൽ നിലവിലുള്ള12 ഫോറസ്റ്റു സെക്ഷനുകൾ, ഈ ഉത്തരവിനു അനുബന്ധമായി ചേർത്തിട്ടുള്ള പട്ടിക ഒന്നിൽ വിശദീകരിച്ച പ്രകാരം ഏഴു ഫോറസ്റ്റു സ്റ്റേഷനുകളായി പുന:സംഘടിപ്പിക്കുന്നതാണ്.

(2) മലപ്പുറം ജില്ലയിലെ ഫോറസ്റ്റ് സ്റ്റേഷന്റെ സ്റ്റാഫ് പാറ്റേൺ തന്നെയാണ് ഈ ഡിവിഷനിലെ ഫോറസ്റ്റ് സ്റ്റേഷനുകളിലെ സ്റ്റാഫ് പാറ്റേണായി നിശ്ചയിച്ചിരിക്കുന്നത്. ഒരോ സ്റ്റേഷനിലും വേണ്ടിവരുന്ന സ്റ്റാഫിന്റെ എണ്ണം പട്ടിക രണ്ടിൽ ചേർത്തിട്ടുണ്ട്.

. . . . .2

(3) കോന്നി ഫോറസ്റ്റ് ഡിവിഷനിൽ ഫോറസ്റ്റ് സ്റ്റേഷനുകൾ ഏർപ്പെടുത്തുന്നതിനായി അധിക സ്റ്റാഫിനെ നിയമിക്കുന്നതിനും മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുംവേണ്ടി, പട്ടിക മൂന്നിൽ കൊടുത്തിരിക്കുന്ന പ്രകാരം തുക ചെലവാക്കുന്നതാണ്.

2. **റാന്നി ഫോറസ്റ്റ് ഡിവിഷൻ;**

(1) ഈ ഡിവിഷനിലെ റാന്നി, വടശ്ശേരിക്കര, ഗൂഡ്രിക്കൽ എന്നീ മൂന്നു റെയിഞ്ചുകളിൽ നിലവിലുള്ള 13 ഫോറസ്റ്റ് സെക്ഷനുകൾ, ഈ ഉത്തരവിനു അനുബന്ധമായി ചേർത്തിട്ടുള്ള പട്ടിക നാലിൽ വിശദീകരിച്ചപ്രകാരം ഒൻപതു ഫോറസ്റ്റു സ്റ്റേഷനുകളായി പുന:സംഘടിപ്പിക്കുന്നതാണ്.

(2) മലപ്പുറം, ജില്ലയിലെ ഫോറസ്റ്റു സ്റ്റേഷന്റെ സ്റ്റാഫ് പാറ്റേൺ തന്നെയാണ് ഈ ഡിവിഷനിലെ ഫോറസ്റ്റു സ്റ്റേഷനുകളിലെ സ്റ്റാഫ് പാറ്റേണായി നിശ്ചയിച്ചിരിക്കുന്നത്. ഓരോ സ്റ്റേഷനിലും വേണ്ടിവരുന്ന സ്റ്റാഫിന്റെ എണ്ണം പട്ടിക അഞ്ചിൽ ചേർത്തിട്ടുണ്ട്.

(3) റാന്നി ഫോറസ്റ്റ് ഡിവിഷനിൽ ഫോറസ്റ്റു സ്റ്റേഷനുകൾ ഏർപ്പെടുത്തുന്നതിനായി, അധിക സ്റ്റാഫിനെ നിയമിക്കുന്നതിനും, മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വേണ്ടി പട്ടിക ആറിൽ കൊടുത്തിരിക്കുന്ന പ്രകാരം തുക ചെലവാക്കുന്നതാണ്.

3. **പ്രൊട്ടക്ഷൻ റിസർവ് ഫോഴ്സ്**

രണ്ട് ഡിവിഷനുകളിലും ആവശ്യാനുസരണം ഉപയോഗിക്കാൻ കോന്നി ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒരു റെയിഞ്ചാഫീസർ, രണ്ടു ഫോറസ്റ്റർ, പതിനെട്ട് ഗാർഡ്, ഒരു ഡ്രൈവർ എന്നിവർ ഉൾക്കൊള്ളുന്ന ഒരു പ്രൊട്ടക്ഷൻ റിസർവ് ഫോഴ്സും പുന:സംഘടനയെ തുടർന്ന് ഉണ്ടാകുന്നതാണ്. ഇതിനുള്ള സ്റ്റാഫും വാഹനവും റാന്നി ഡിവിഷനിൽ ഇപ്പോൾ ലഭ്യമാണ്. പുതിയ യൂണിറ്റിന്റെ ആസ്ഥാനം കോന്നിയായിരിക്കും. ഈ യൂണിറ്റിനുവേണ്ടി താഴെപ്പറയും പ്രകാരം തുക ചെലവാക്കുന്നതാണ്.

3.........

| ആവർത്തനചെലവ് | രൂപ |
|---|---|
| 1. <u>മെയിൻ്റനൻസ്</u> | |
| ഉപകരണങ്ങളുടെ മെയിൻ്റനൻസ് | 5,000 |
| <u>അനാവർത്തകചെലവ് (1989-90)</u> | |
| <u>ആയുധ - വാർത്താ - വിനിമയം</u> | |
| തോക്ക് 2 x 10,000 | 20,000 |
| വയർലസ്സ് (മൊബൈൽ യൂണിറ്റ്) 1 x 40,000 | 40,000 |
| വാക്കിടാക്കി 2 x 15,000 | 30,000 |
| കസേര 10 x 180 | 1,800 |
| **ആകെ** | **91,800** |

(തൊണ്ണൂറ്റിയൊന്നായിരത്തി എണ്ണൂറു രൂപ)

(3) കോന്നി, റാന്നി ഫോറസ്റ്റു ഡിവിഷനുകളിലെ നിലവിലുള്ള സ്റ്റാഫിനെ പരാമർശം രണ്ടിലെയും മൂന്നിലെയും മുഖ്യവനപാലകന്റെ നിർദ്ദേശം അനുസരിച്ച് പുനർ വിന്യാസം (re-deployment) നടത്തുന്നതും താഴെ പറയുന്ന പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതുമാണ്.

<u>പുതിയ തസ്തികകൾ</u>

| | | |
|---|---|---|
| ഡെപ്യൂട്ടി റേഞ്ചർ | (740 -1245) | - 7 (ഏഴ്) |
| ഫോറസ്റ്റർ | (675-1125) | - 20 (ഇരുപത്) |
| ഗാർഡ് | (600-950) | - 74 (എഴുപത്തിനാല്) |
| ഡ്രൈവർ | (600-950) | - 15 (പതിനഞ്ച്) |

4. മുഖ്യവനപാലകന്റെ പരാമർശം മൂന്നിലെ നിർദ്ദേശം അംഗീകരിച്ച് സാമൂഹ്യവനവൽക്കരണം ഉത്തരമേഖലാ വിഭാഗത്തിൽ അധികമുള്ള ഫോറസ്റ്റർ തസ്തികകളിൽ ആറെണ്ണം റാന്നി ഡിവിഷനിലേക്കു മാറ്റിയിരിക്കുന്നു.

5. മേൽപ്പറഞ്ഞ രീതിയിൽ, പത്തനംതിട്ട ജില്ലയിലെ കോന്നി, റാന്നി എന്നീ ഫോറസ്റ്റ് ഡിവിഷനുകൾ പുന:സംഘടിപ്പിക്കുന്നതിനു പട്ടിക ഏഴിൽ കാണിച്ചിരിക്കുന്ന പ്രകാരം സ്റ്റാഫ്, കെട്ടിടം, വാഹനം, ആയുധം മുതലായവ അധികമായി ഏർപ്പെടുത്തുന്നതിന് അനുമതി നൽകുന്നു.

.. .. ..4/

6. അതനുസരിച്ച് 1989-90 സാമ്പത്തിക വർഷത്തിലേക്ക് ആവർത്തന ചെലവ് ഇനത്തിൽ 23,40,000 (ഇരുപത്തിമൂന്നു ലക്ഷത്തി നാൽപതിനായിരം) രൂപയും അനാവർത്തക ചെലവിനത്തിൽ 45,25,600 (നാൽപ്പത്തി അഞ്ചു ലക്ഷത്തി ഇരുപത്തിഅയ്യായിരത്തി അറനൂറ്) രൂപയും അനുവദിക്കുന്നു. ഈ തുക **2406-01-800-05 ഫോറസ്റ്റ് പ്രൊട്ടക്ഷൻ** എന്ന ഹെഡ്ഡിൽനിന്നും ചെലവാക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

പി.കെ.ശിവാനന്ദൻ,
സെക്രട്ടറി (വനം)

പ്രധാന മുഖ്യവനപാലകൻ, തിരുവനന്തപുരം.
മുഖ്യവനപാലകൻ (പ്രൊട്ടക്ഷൻ)
മുഖ്യവനപാലകൻ (ഡവലപ്പ്മെന്റു ആന്റ് വൈൽഡ്ലൈഫ്)
മുഖ്യവനപാലകൻ (വിജിലൻസ്)
മുഖ്യവനപാലകൻ (സോഷ്യൽ ഫോസ്ട്രി ആന്റ് പ്രോജക്ട്)
മുഖ്യവനപാലകൻ (ലോക ഭക്ഷ്യ പരിപാടി)
അക്കൗണ്ടന്റ് ജനറൽ (അക്കൗണ്ട് ആന്റ് എന്റൈറ്റിൽമെന്റ്സ്)
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)
ജില്ലാ കളക്ടർ, പത്തനംതിട്ട ജില്ല
ഫോറസ്റ്റ് കൺസർവേറ്റർ, ദക്ഷിണമേഖലാ, കൊല്ലം
ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (വനവും നികുതിയും)
ധനകാര്യ വകുപ്പ്
ആഭ്യന്തര വകുപ്പ്
ആസൂത്രണവും സാംപത്തിക കാര്യങ്ങളും വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (എ) പ്രകാരം)
പൊതുഭരണ (സ്പെഷ്യൽ-സി) വകുപ്പ്
ഡയറക്ടർ ഓഫ് പബ്ളിക് റിലേഷൻസ് (പ്രസിദ്ധീകരണത്തിനായി)
വനം വന്യജീവി വകുപ്പിന്റെ എല്ലാ സെക്ഷനുകൾക്കും
വനം വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എ.പി.സിയുടെ (സെക്രട്ടറി, ഫോറസ്റ്റ്) കോൺഫിഡഷ്യൽ അസിസ്റ്റന്റിന്
സെക്രട്ടറിയുടെ (വനം) കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്.

ഉത്തരവിൻ പ്രകാരം
ഒപ്പ്

സെക്ഷൻ ഓഫീസർ

പട്ടിക - 1

**കോന്നി ഡിവിഷൻ**

ഫോറസ്റ്റ് സ്റ്റേഷനുകളുടെ പേര്, വിസ്തീർണ്ണം, ആസ്ഥാനം

| റേഞ്ചിന്റെ പേര് | ഫോറസ്റ്റ് സ്റ്റേഷന്റെ പേര് | വിസ്തീർണ്ണം ച.കി.മീ | ആസ്ഥാനം |
|---|---|---|---|
| കോന്നി | ഉത്തര കുമരംപേരൂർ<br>ദക്ഷിണ കുമരംപേരൂർ | 18.5<br>16.0 | ഞള്ളൂർ<br>കുമ്മണ്ണൂർ |
| നടുവത്തുമൂഴി | കൊക്കാത്തോട്<br>കരിപ്പാത്തോട്<br>പാടം | 55.0<br>43.5<br>41.0 | മുണ്ടോമൂഴി<br>നടുവത്തുമൂഴി<br>പാടം |
| മണ്ണാരപ്പാറ | ചെംപാല<br>മണ്ണാരപ്പാറ | 51.0<br>78.0 | തൊറ<br>മുള്ളുമല |

പട്ടിക - 2

**കോന്നി ഡിവിഷൻ**

ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് വേണ്ടിവരുന്ന ആകെ സ്റ്റാഫ്

| സ്റ്റേഷന്റെ പേര് | സ്റ്റേഷനിൽ ആകെ വേണ്ടിവരുന്ന സ്റ്റാഫ് | | | |
|---|---|---|---|---|
| | ഡെ.റേഞ്ചർ | ഫോറസ്റ്റർ | ഗാർഡ് | ഡ്രൈവർ |
| ഉത്തര കുമരംപേരൂർ | 1 | 3 | 12 | 1 |
| ദക്ഷിണ കുമരം പേരൂർ | 1 | 4 | 15 | 1 |
| കൊക്കാത്തോട്ട് | 1 | 3 | 12 | 1 |
| കരിപ്പാന്തോട് | 1 | 4 | 15 | 1 |
| പാടം | 1 | 3 | 12 | 1 |
| ചെംപാല | 1 | 3 | 12 | 1 |
| മണ്ണാരപ്പാറ | 1 | 3 | 12 | 1 |
| **ആകെ** | 7 (ഏഴ്) | 23 (ഇരുപത്തിമൂന്ന് | 90 (തൊണ്ണൂറ്) | 7 (ഏഴ്) |

പട്ടിക - 3

**കോന്നി ഫോറസ്റ്റ് ഡിവിഷണിൽ ഫോറസ്റ്റ് സ്റ്റേഷനുകൾ ഏർപ്പെടുത്തുന്നതിനായി ആവശ്യമായ അധിക ചെലവ്**

**ആവർത്തക ചെലവ്**

| | | |
|---|---|---|
| **1. സ്റ്റാഫ്** | | |
| ഡെപ്യൂട്ടി റേഞ്ചറുടെ ശംപളം | 3 x 12 x 1563 | 56,268 |
| ഫോറസ്റ്ററുടെ ശംപളം | 10 x 12 x 1488 | 1,78,560 |
| ഗാർഡിന്റെ ശംപളം | 21 x 12 x 1261 | 3,17,772 |
| ഡ്രൈവറുടെ ശംപളം | 6 x 12 x 1231 | 88,632 |
| | | 6,41,232 |
| **2. മെയിന്റനൻസ്** | | |
| വാഹനങ്ങൾ, ഉപകരണങ്ങൾ മുതലായവയുടെ മെയിന്റനൻസ് | | 1,50,000 |
| **3. സ്റ്റേഷനറി** | | |
| | 7 x 3,000 | 21,000 |
| | | **8,12,232** |

**(എട്ടു ലക്ഷത്തി പന്ത്രണ്ടായിരത്തി ഇരുനൂറ്റി മുപ്പത്തി രണ്ടു രൂപ)**

**അനാവർത്തനച്ചെലവ് (1989-90)**

| | | |
|---|---|---|
| 1. കെട്ടിടം | | |
| ഫോറസ്റ്റ് സ്റ്റേഷന്റെ ആസ്ഥാന ഓഫീസ് കെട്ടിടം | 1 x 2,00,000 | 2,00,000 |
| കിണർ, വാട്ടർ സപ്ളൈ | 1 x 20,000 | 20,000 |
| 2. വാഹനം | | |
| ജീപ്പ് | 6 x 1,25,000 | 7,50,000 |
| മോട്ടോർ സൈക്കിൾ | 7 x 20,000 | 1,40,000 |
| നാടൻ വഞ്ചി | 3 x 10,000 | 30,000 |
| 3. ഫർണിച്ചർ | | |
| അലമാരി | 7 x 4 x 3,000 | 84,000 |
| മേശ | 7 x 3 x 1,000 | 21,000 |
| കസേര | 7 x 10 x 180 | 12,600 |
| 4. ആയുധം, വാർത്താ വിനിമയം | | |
| തോക്ക് | 7 x 2 x 10,000 | 1,40,000 |
| വയർലസ്സെറ്റ് } മൊബൈൽ യൂണിറ്റ് | 1 x 40,000 | 40,000 |
| വാക്കിടാക്കി | 10 x 15,000 | 1,50,000 |
| | **ആകെ** | **15,87,600** |

പട്ടിക - 4

**റാന്നി ഡിവിഷൻ**

ഫോറസ്റ്റ് സ്റ്റേഷനുകളുടെ പേര്, വിസ്തീർണ്ണം, ആസ്ഥാനം

| റേഞ്ചിന്റെ പേര് | ഫോറസ്റ്റ് സ്റ്റേഷന്റെ പേര് | വിസ്തീർണ്ണം ച.കി.മീ | ആസ്ഥാനം |
|---|---|---|---|
| റാന്നി | കരികുളം<br>കണമല<br>രാജാംപാറ | 36.0<br>94.0<br>99.0 | കക്കുടുമൺ<br>കണമല<br>രാജാംപാറ |
| വടശ്ശേരിക്കര | ചിറ്റാർ<br>ഗുരുനാഥൻ മണ്ണ്<br>തണ്ണിത്തോട് | 65.0<br>120.0<br>75.0 | ചിറ്റാർ ഗുരുനാഥൻ<br>മണ്ണ്<br>തണ്ണിത്തോട് |
| ഗൂഡ്രിക്കൽ | പ്ളാപ്പള്ളി<br>കൊച്ചുകോയിക്കൽ<br>പച്ചക്കാനം | 190.0<br>25.0<br>282.0 | പ്ളാപ്പള്ളി<br>കൊച്ചുകോയിക്കൽ<br>പംപ |

പട്ടിക - 5

**റാന്നി ഡിവിഷൻ**

**ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് വേണ്ടിവരുന്ന ആകെ സ്റ്റാഫ്**

| സ്റ്റേഷന്റെ പേര് | സ്റ്റേഷനിൽ ആകെ വേണ്ടിവരുന്ന സ്റ്റാഫ് | | | |
|---|---|---|---|---|
| | ഡെ.റേഞ്ചർ | ഫോറസ്റ്റർ | ഗാർഡ് | ഡ്രൈവർ |
| കരികുളം | 1 | 4 | 15 | 1 |
| കണമല | 1 | 4 | 15 | 1 |
| രാജാംപാറ | 1 | 4 | 15 | 1 |
| ചിറ്റാർ | 1 | 4 | 15 | 1 |
| ഗുരുനാഥൻ മണ്ണ് | 1 | 4 | 15 | 1 |
| തണ്ണിത്തോട് | 1 | 4 | 15 | 1 |
| പ്ളാപ്പള്ളി | 1 | 3 | 12 | 1 |
| കൊച്ചുകോയിക്കൽ | 1 | 4 | 15 | 1 |
| പച്ചക്കാനം | 1 | 3 | 12 | 1 |
| ആകെ | 9 (ഒൻപത്) | 34 (മുപ്പത്തിനാല്) | 129 (നൂറ്റിഇരുപത്തി ഒൻപത്) | 9 (ഒൻപത്) |

പട്ടിക - 6

**റാന്നി ഫോറസ്റ്റ് ഡിവിഷണിൽ ഫോറസ്റ്റ് സ്റ്റേഷനുകൾ ഏർപ്പെടുത്തുന്നതിനായി ആവശ്യമായ അധിക ചെലവ്**

**ആവർത്തനചെലവ്**

1. **സ്റ്റാഫ്**

| | | |
|---|---|---|
| ഡെപ്യൂട്ടി റേഞ്ചറുടെ ശംപളം | 4 x 12 x 1563 | 75024 |
| ഫോറസ്റ്ററുടെ ശംപളം | 16 x 12 x 1488 | 285695 |
| ഗാർഡിന്റെ ശംപളം | 53 x 12 x 1261 | 301996 |
| ഡ്രൈവറുടെ ശംപളം | 9 x 12 x 1231 | 132948 |
| | | 1295664 |

(പന്ത്രണ്ട് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി അറുനൂറ്റി അറുപത്തി നാലു രൂപ)

4. **മെയിന്റനൻസ്**

| | | |
|---|---|---|
| വാഹനങ്ങൾ, ഉപകരണങ്ങൾ മുതലായവയുടെ മെയിന്റനൻസ് | | 2,00,000 |

5. **സ്റ്റേഷനറി**

| | | |
|---|---|---|
| | 9 x 3,000 | 27,000 |
| | | **15,22,664** |

(പതിനഞ്ചു ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി അറുനൂറ്റി അറുപത്തി നാലു രൂപ)

**അനാവർത്തകച്ചെലവ് (1989-90)**

1. **കെട്ടിടം**

| | | |
|---|---|---|
| ഫോറസ്റ്റ് സ്റ്റേഷന്റെ ആസ്ഥാന ഓഫീസ് | 4 x 2,00,000 | 8,00,000 |
| കിണർ, വാട്ടർ സപ്ളെ | 8 x 20,000 | 1,60,000 |

2. **വാഹനം**

| | | |
|---|---|---|
| ജീപ്പ് | 9 x 1,25,000 | 11,25,000 |
| മോട്ടോർ സൈക്കിൾ | 9 x 20,000 | 1,80,000 |
| ബോട്ട് യന്ത്രം ഘടിപ്പിച്ചത് (ഒന്ന്) | | 50,000 |
| നാടൻ ബോട്ട് | | 10,000 |

3. **ഫർണിച്ചർ**

| | | |
|---|---|---|
| അലമാരി | 9 x 4 x 3,000 | 1,08,000 |
| മേശ | 9 x 3 x 1,000 | 27,000 |
| കസേര | 9 x 10 x 180 | 16,200 |

4. **ആയുധം, വാർത്താ വിനിമയം**

| | | |
|---|---|---|
| തോക്ക് | 9 x 2 x 10,000 | 1,80,000 |
| വയർലസ്സെറ്റ് മൊബൈൽ യൂണിറ്റ് | 1 x 40,000 | 40,000 |
| വാക്കിട്ടാക്കി | 10 x 15,000 | 1,50,000 |
| | **ആകെ** | **28,46,200** |

(ഇരുപത്തിഎട്ടു ലക്ഷത്തി നാൽപ്പത്തി ആറായിരത്തി ഇരുനൂറ്റ് രൂപ)

## റാന്നി കോന്നി ഫോറസ്റ്റ് ഡിവിഷനുകളിലെ ഫോറസ്റ്റ് സ്റ്റേഷനുകൾക്കുവേണ്ട അഡീഷണൽ സ്റ്റാഫ്, കെട്ടിടം, വാഹനം, ആയുധം മുതലായവ

| സ്റ്റേഷൻ | അഡീഷണൽ സ്റ്റാഫ് | | | | നിർമ്മിക്കേണ്ട കെട്ടിടം കിണർ | | വാങ്ങേണ്ട വാഹനം | | | | വാങ്ങേണ്ട ഫർണിച്ചർ | | | ആയുധ വാർത്താ വിനിമയം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ഡെ. റേഞ്ചർ | ഫോറസ്റ്റർ | ഗാർഡ് | ഡ്രൈവർ | കെട്ടിടം | കിണർ | ജീപ്പ് | മോട്ടോർ സൈക്കിൾ | യന്ത്രം ഘടിപ്പിച്ച ബോട്ട് | നാടൻബോട്ട് | മേശ | അലമാരി | കസേര | തോക്ക് | വയർലസ് | വാക്കിടോക്കി |
| കരികുളം | | | | | 1 | 1 | 1 | 1 | | | 3 | 4 | 10 | 2 | | |
| കണമല | | | | | 1 | 1 | 1 | 1 | | | 3 | 4 | 10 | 2 | | |
| രാജാംപാറ | | | | | | 1 | 1 | 1 | | | 3 | 4 | 10 | 2 | | |
| ചിറ്റാർ | | | | | | 1 | 1 | 1 | | | 3 | 4 | 10 | 2 | | |
| ഗുരുനാഥൻ മണ്ണ് | | | | | 1 | 1 | 1 | 1 | ഒന്ന് | ഒന്ന് | 3 | 4 | 10 | 2 | ഒന്ന് | പത്ത് |
| തണ്ണിത്തോട് | 4 | 10 | 53 | 9 | | 1 | 1 | 1 | | | 3 | 4 | 10 | 2 | | |
| പ്ളാവള്ളി | | | | | | | 1 | 1 | | | 3 | 4 | 10 | 2 | | |
| കൊച്ചുകോയിക്കൽ | | | | | 1 | 1 | 1 | 1 | | | 3 | 4 | 10 | 2 | | |
| പച്ചക്കാനം | | | | | | 1 | 1 | 1 | | | 3 | 4 | 10 | 2 | | |
| ഉത്തരകുമരംപേരൂർ | | | | | | | | 1 | | | 3 | 4 | 10 | 2 | | |
| ദക്ഷിണകുമരം പേരൂർ | | | | | | | 1 | 1 | | മൂന്ന് | 3 | 4 | 10 | 2 | ഒന്ന | പത്ത് |
| കൊക്കാതോട് | | | | | | | 1 | 1 | | | 3 | 4 | 10 | 2 | | |
| കരിപ്പാത്തോട് | 3 | 10 | 21 | 6 | | | 1 | 1 | | | 3 | 4 | 10 | 2 | | |
| പാടം | | | | | 1 | | 1 | 1 | | | 3 | 4 | 10 | 2 | | |
| ചെമ്പാല | | | | | | | 1 | 1 | | | 3 | 4 | 10 | 2 | | |
| മണ്ണാറപ്പാറ | | | | | | 1 | 1 | 1 | | | 3 | 4 | 10 | 2 | | |
| പ്രൊട്ടക്ഷൻ ഫോഴ്സ് | | | | | | | | | | | | | 10 | 2 | ഒന്ന് | 2 |
| **ആകെ** | 7 | 20 | 74 | 15 | 5 | 9 | 15 | 16 | 1 | 4 | 48 | 64 | 170 | 34 | 3 | 22 |